പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1357 02.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. അബ്ദുൽ ഹമീദ് പി.

ഉത്തരം

തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പരിസ്ഥിതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ |

| | | | |
|---|---|---|---|
| | | | ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസുകളും, സൂപ്പർ ഡീലക്സ് എയർ ബസുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ സൂപ്പർ ക്ലാസ് ശ്രേണിയിലും മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഉടൻ തന്നെ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നതാണ്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊൽക്കത്ത ഐ. ഐ. എം. -ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ പുനസംഘടന ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 01.02.2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രി കാലങ്ങളിലാണ് നടത്തിവരുന്നത്. തൻമൂലം ഓഫ് റോഡ് നിരക്ക് കുറഞ്ഞിട്ടുണ്ട്. കറൻസിരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ രണ്ട് പിങ്ക് ബസുകൾ (സ്ത്രീകൾക്കു മാത്രം) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.<br>സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതും മൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. പതിനായിരം രൂപയ്ക്ക് താഴെ പ്രതിദിന വരുമാനമുള്ള ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുനഃക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ട ത്തിനുള്ള കാരണങ്ങൾ എന്തൊ ക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | വരുമാനം കുറഞ്ഞ റൂട്ടുകളിൽ ബസ് സർവ്വീസുകൾ നടത്തേണ്ടി വരുന്നതിനാലും സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി വിവിധ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കും വിദ്യാർത്ഥികൾക്കും യാത്രാസൗജന്യം നൽ കുന്നതിനാലും വർഷങ്ങളായി കെ.എസ്. ആർ.ടി.സി.യിൽ ഇതര സംസ്ഥാന ഗതാഗത കോർപ്പറേഷനുകളെക്കാൾ ഉയർന്ന രീതിയി ലുള്ള വാഹനങ്ങളും ജീവനക്കാരുമുള്ള അനുപാ തം തുടർന്നു പോകുന്നതിനാലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പകൾ ക്ക് കൃത്യമായി തിരിച്ചടവ് നടത്തേണ്ടി വരുന്നതി നാലും ഡീസൽ വിപണിവിലയിൽ വാങ്ങി സർവ്വീസ് നടത്തേണ്ടി വരുന്നതി നാലുമാണ് വരവും ചെലവും തമ്മിൽ കനത്ത അന്തര മുണ്ടാകുന്നത്. ഇതാണ് കെ.എസ്. ആർ.ടി.സി.യെ ഇന്ന് അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് എത്തിച്ചത്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**